LIBRARY ARCHIVES Kerala Legislative Assembly

സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ

63 (5134) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ബെന്നി ബെഹനാൻ:
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താൻ കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ&ബി) കേരളത്തിലെ യുവജനങ്ങളുടെ തൊഴിൽ സാദ്ധ്യത വിപുലീകരിക്കുന്നതിന് (Enhancement of Employability Chances) ആവശ്യമായ പരിശീലന പദ്ധതികൾ നടപ്പിലാക്കുന്നു എന്നതാണ് സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷന്റെ പ്രധാന ഉദ്ദേശ്യം. ഈ ഉദ്ദേശ്യ ലക്ഷ്യത്തോടുകൂടി സെന്റർ വിവിധ കർമ്മപരിപാടികൾ നടപ്പിലാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി നൈപുണ്യ വികസനത്തിനായി സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് മേഖലയിലുള്ള എഞ്ചിനീയറിംഗ്, പോളിടെക്നിക്, ആർട്ട്സ് ആന്റ് സയൻസ് കോളേജുകളിലും വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളുകളിലും ഇടർ വിദ്യാഭ്യാസ ഉപകേന്ദ്രങ്ങൾ മുഖേന ഏകീകൃത സിലബസ്, ഫീസ് എന്നിവ അനുസരിച്ച് വിവിധ കോഴ്സുകളിൽ പരിശീലനം നൽകുന്നു. പ്രസ്തുത കോഴ്സുകൾക്ക് പൊതുപരീക്ഷ നടത്തി സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. കൂടാതെ കെൽട്രോൺ, സിഡ്കോ, കേരള ഓട്ടോ മൊബൈൽസ്, കെ.എസ്.ഐ.ഇ. എന്നീ വ്യവസായ സ്ഥാപനങ്ങളുമായി സഹകരിച്ചുകൊണ്ട് ഇൻഡസ്ട്രി ലിങ്ക്ഡ് പ്രോഗ്രാമുകളും നടത്തിവരുന്നുണ്ട്.

മേൽ പറഞ്ഞവയ്ക്ക് പുറമേ താഴെപ്പറയുന്ന സ്ഥാപനങ്ങളും സെന്ററിനുകീഴിൽ പ്രവർത്തിച്ചുവരുന്നു:

1. കോളേജ് ഓഫ് എഞ്ചിനീയറിംഗ്, മൂന്നാർ-4 ബി.ടെക് കോഴ്സുകളും, 2 എം.ടെക് കോഴ്സുകളും നടത്തി വരുന്നു.
2. കേരള സ്റ്റേറ്റ് സിവിൽ അക്കാഡമി- തിരുവനന്തപുരം, പാലക്കാട്, കോഴിക്കോട്, ചെങ്ങന്നൂർ, കോന്നി എന്നീ സ്ഥലങ്ങളിൽ കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു. മൂവാറ്റുപുഴയിൽ കേന്ദ്രം ആരംഭിക്കുന്നതിനുള്ള കെട്ടിട നിർമ്മാണം പുരോഗമിക്കുന്നു.

3. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി, കേരള- കൊല്ലം ജില്ലയിലെ വെളളിമണിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജിയുടെ സഹകരണത്തോടെ ആരംഭിച്ച ഈ സ്ഥാപനം 2015 വർഷത്തിൽ കേരള യൂണിവേഴ്സിറ്റിയുമായി അഫിലിയേറ്റ് ചെയ്ത് 4 വർഷത്തെ ബാച്ചിലർ ഓഫ് ഡിസൈൻ കോഴ്സ് നടത്തിവരുന്നു.

4. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കരിയർ സ്റ്റഡീസ് ആന്റ് റിസർച്ച്- മലപ്പുറം ജില്ലയിലെ പൊന്നാനി കേന്ദ്രമാക്കി ന്യൂനപക്ഷ വിഭാഗങ്ങളിലെ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ പുരോഗതിക്കായി ഈ സ്ഥാപനം പ്രവർത്തിച്ചുവരുന്നു. ഈ കേന്ദ്രത്തിൽ നിന്നും സിവിൽ സർവ്വീസ് പരീക്ഷയ്ക്കുള്ള പരിശീലനം നൽകിവരുന്നുണ്ട്.

(സി) സെന്ററിന്റെ വിവിധ വികസന പദ്ധതികൾ നടപ്പിലാക്കുന്നതിനായി പദ്ധതി ഇനത്തിൽ സാമ്പത്തിക സഹായം നൽകുന്നുണ്ട്. 2014-15 സാമ്പത്തിക വർഷത്തിൽ സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേരളയുടെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളുടെ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് 350 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും ഈ തുകയ്ക്കുള്ള ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷത്തിൽ 300 ലക്ഷം രൂപ വകയിരുത്തുകയും ഈ തുക വിനിയോഗിക്കുന്നതിനുള്ള ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ഇവ കൂടാതെ ചെങ്ങന്നൂർ, മൂവാറ്റുപുഴ എന്നിവിടങ്ങളിൽ സിവിൽ സർവ്വീസ് അക്കാദമി കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് ബഹുമാനപ്പെട്ട എം.എൽ.എ. മാരുടെ ആസ്തി വികസന ഫണ്ടിൽ നിന്നും യഥാക്രമം 150 ലക്ഷം രൂപയും 120 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ സംയോജിത വിദ്യാഭ്യാസം

64 (5135) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിദ്യാഭ്യാസ വകുപ്പിൻകീഴിൽ എസ്.എസ്.എ. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ സംയോജിത വിദ്യാഭ്യാസത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly